**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 23.06.2023

# "കൈക്കൂലി വാങ്ങുന്നതിനിടെ ജില്ലാ ടൂറിസം ഇൻഫർമേഷൻ ഓഫീസർ വിജിലൻസ് പിടിയിലായി"

ആലപ്പുഴ ജില്ല ടൂറിസം ഇൻഫർമേഷൻ ഓഫീസർ, കെ.ജെ. ഹാരിസ് 2,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ ഇന്ന് (23.06.2023) ആലപ്പുഴ വിജിലൻസിന്റെ പിടിയിലായി.

ആലപ്പുഴ ജില്ലയിലെ, മാരാരിക്കുളം സ്വദേശിയായ, പരാതിക്കാരൻ അദ്ദേഹത്തിൻറെ വീടിനോട് ചേർന്ന് പുതുതായി നിർമ്മിച്ച ഹോംസ്റ്റേയുടെ അനുമതിക്കായി ഈ വർഷം ജനുവരിയിൽ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. നാളിതുവരെയും അപേക്ഷയിന്മേൽ നടപടി സ്വീകരിക്കാത്തതിനെതുടർന്ന് നടത്തിയ അന്വേഷണത്തിൽ ആലപ്പുഴ ജില്ലാ ടൂറിസം ഇൻഫർമേഷൻ ഓഫീസർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയാൽ മാത്രമേ അനുമതി ലഭിക്കുകയുള്ളൂ എന്നറിഞ്ഞ പരാതിക്കാരൻ ഇക്കഴിഞ്ഞ ദിവസം ആലപ്പുഴ ജില്ലാ ടൂറിസം ഇൻഫർമേഷൻ ഓഫീസറായ കെ.ജെ. ഹാരിസിനെ ഓഫീസിൽ ചെന്ന് കണ്ട് വിവരം അന്വേഷിച്ചപ്പോൾ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകണമെങ്കിൽ 5,000/- രൂപ കൈക്കൂലി ആയി നൽകണമെന്നും പരാതിക്കാരനോട് ആവശ്യപ്പെട്ടു. എന്നാൽ കൈവശം മുന്നൂറ് രൂപ മാത്രമേയുള്ളോവെന്ന് പറഞ്ഞപ്പോൾ 5,000/- രൂപയുമായി ഇന്ന് (23.06.2023) വരാൻ കെ.ജെ. ഹാരിസ് അറിയിക്കുകയുമുണ്ടായി. പരാതിക്കാരൻ ഈ വിവരം ആലപ്പുഴ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. ഗിരീഷ് പി സാരഥിയെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കെണി ഒരുക്കി ഇന്ന് (23.06.2023) രാവിലെ 10.45 മണിയോടെ ജില്ലാ ടൂറിസം ഇൻഫർമേഷൻ ഓഫീസിൽ വച്ച് പരാതിക്കാരൻ നിന്നും ആദ്യഗഡുവായി 2,000/- രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണ് ഉണ്ടായത്. പിടികൂടിയ പ്രതിയെ കോട്ടയം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പരാതി ലഭിച്ചതിനെത്തുടർന്ന് മറ്റൊരു ഹോംസ്റ്റേ തുടങ്ങണമെന്ന പേരിൽ രഹസ്യാന്വേഷണത്തിൻറെ ഭാഗമായി വേഷം മാറി കൊണ്ട് ഹാരിസിനെ സമീപിച്ച വിജിലൻസ് ഇന്റെലിജെൻസ് വിഭാഗം ഉദ്യോഗസ്ഥരോടും ഹോംസ്റ്റേ അനുവധിക്കണമെങ്കിൽ 2,000/- രൂപ കൈക്കൂലി നൽകണമെന്നും അറിയിച്ചു.

വിജിലൻസ് സംഘത്തിൽ ആലപ്പുഴ വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ. ഗിരീഷ് പി സാരഥിയെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ ശ്രീ. പ്രകാശ് കുമാർ, ശ്രീ. രാജേഷ് കുമാർ, സബ് ഇൻസ്പെക്ടർമാരായ ശ്രീ. വസന്ത്, ശ്രീ. സ്റ്റാൻറ്റ്ലി തോമസ്, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ശ്രീ. ജയലാൽ,

സുകേഷ്, സത്യപ്രഭ, എസ്.സി.പി.ഒ മാരായ ഷിജു, ശ്യാം, സനൽ, സാബു, സി.പി.ഒ മാരായ സമീഷ്, സുധീഷ്, നീതു, രജനി രാജൻ എന്നിവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.